Week-1

## Weekly Devotion - May 2018

# Best Servant of God - Who?

## നല്ല വേലക്കാരൻ ആർ?




യജമാനന് പ്രയോജനമുള്ളവരാണ് നല്ല വേലക്കാർ. എങ്ങനെ യജമാനന് പ്രയോജനമുള്ളവ രാകും? അഥവാ നല്ലവനും വിശ്വസ്തനുമായ ദാസനേ എന്ന വിളി കേൾക്കുവാൻ എന്തു ചെയ്യ ണം. ?

ഒന്നാമതായി യജമാനന്റെ ഇഷ്ടദാസനാകുവാൻ നാം വീണ്ടും ജനിച്ചേ മതിയാകുകയു ള്ളൂ. (Be born again)- Read യോഹ: (3:1-6) . നമ്മുടെ പ്രവർത്തികൾ ദൈവത്തിനും മറ്റുള്ള വർക്കും അനുഗ്രഹകരമാകണമെങ്കിൽ നാം ആത്മാവിൽ ജനിച്ചവരാകണം. ഇതാണ് നമ്മുടെ പ്രഥമവും പ്രധാനവുമായ ഉത്തരവാദിത്തം. ഫിലി:(2:12)ൽ രക്ഷയ്ക്കായിട്ട് നാം പ്രവർത്തിക്കു ന്നത് ഭയത്തോടും വിറയലോടും കൂടെ ആകണമെന്ന് വ്യക്തമാക്കുന്നു.

രണ്ടാമത്തെ പ്രവർത്തി ചെയ്യുവാൻ പ്രഥമവും പ്രധാനവുമായ ഉത്തരവാദിത്തം ഏറ്റെടു ത്തവർക്കു മാത്രമേ കഴിയുകയുള്ളൂ.ദൈവവുമായുള്ള അടുത്ത ബന്ധം അവൻ അവർക്ക് നൽകുന്നു. പുത്രന്റെ കൂടെയിരുപ്പാനും ,ദൈവവചനം വിളമ്പുവാനും , ഭൂതങ്ങളെ പുറത്ത് ആക്കുവാനുമാണ് താനുമായി അടുപ്പമുള്ളവരെ യേശു അയയ്ക്കുന്നത്. അതിനാൽ നമുക്കും യേശുവിനോട് അടുപ്പമുള്ള നല്ല വേലക്കാരാകാം.

മൂന്നാമതായി ഏതു നല്ല വേലക്കാരനും താൻ ആയിരിക്കുന്ന തൊഴിലിനെപ്പറ്റി നല്ല അറിവുണ്ടായിരിക്കണം. ഏത് തൊഴിലും മാന്യവും ദൈവമുമ്പാകെ വിലയുള്ളതുമാണ്. അതി നാൽ തൊഴിലിലെ ഏതു ഘടകത്തെയും പറ്റിയും യഥാർത്ഥ ജ്ഞാനം ഉണ്ടാകണം. പണം കൊടുത്ത് ഏത് Course നും admission കിട്ടുന്ന കാലത്ത് തന്നെ ഏല്പിച്ച ആയുധങ്ങൾ ഭംഗിയായി ഉപയോഗിക്കുവാനുള്ള ജ്ഞാനം എഞ്ചിനീയർക്കും . ഡോക്ടർക്കും , അദ്ധ്യാപ കനും മാത്രമല്ല എല്ലാ തുറകളിലെ ജോലിക്കാർക്കും ഉണ്ടായിരിക്കണം. ഇവരെക്കാളെല്ലാം ഏറ്റവും സൂക്ഷ്മത വേണ്ടത് ദൈവം ചുമതല ഏല്പിച്ച ഇടയന്മാർക്കാണ്. ഇവർക്ക് ജീവിത വിശുദ്ധിയും ഉണ്ടായിരിക്കേണം. കൂടാതെ യജമാനനെ കണക്ക് ബോധിപ്പിക്കണമെന്നുള്ള ഉത്ത മബോധ്യവും ഉണ്ടായിരിക്കേണം.

നാലാമതായി നല്ല കാഴചപ്പാടും കാര്യങ്ങളെക്കുറിച്ച് മനസ്സിലാക്കി ബുദ്ധിപൂർവ്വം പ്രവർത്തിപ്പാനുള്ള കഴിവും ഒരു നല്ല വേലക്കാരന് ഉണ്ടായിരിക്കേണം. നെഹമ്യാവിന്റെ ജീവിതം ഇതിനുദാഹരണമാണ്. തന്റെ സഹോദരങ്ങളുടെ അവസ്ഥയും , യെറുശലേമിന്റെ മതിൽ ഇടി

ഞ്ഞതും വാതിലുകൾ തീ വച്ച് ചുട്ടും കിടക്കുന്നു എന്ന വാർത്ത കേട്ട നെഹമ്യാവ് യിസ്രായേൽ ജനം ചെയ്ത പാപം ഏറ്റെടുത്ത് കരഞ്ഞ് ദൈവസന്നിധിയിലിരുന്ന് ഉപവസിച്ച് പ്രാർത്ഥിച്ച് ന്യൂനതകൾ ഇല്ലാതാക്കുവാൻ പുറപ്പെട്ടു . (നെഹ:1,2 chapters) -Read പ്രാർത്ഥനയോടെ ആരംഭം കുറിക്കുന്ന വ്യക്തിയ്ക്ക് പ്രവർത്തി പൂർത്തീകരിപ്പാനും കഴിയുന്നു.

അഞ്ചാമതായി വിശ്വസ്തത (faithfulness) ഏത് ജോലിക്കാരനും അത്യാവശ്യമാണ്. സംഖ്യ:( 12:7) ൽ യഹോവ മോശയെ തന്റെ വിശ്വസ്ത ദാസനെന്ന് സാക്ഷിക്കുന്നു. നമ്മെപ്പറ്റി മറ്റുള്ളവർ ഇപ്രകാരം പറയുമോ? യജമാനൻ അധിക ചുമതല ഏല്പിക്കുന്നതാരെ എന്ന് ലൂക്കോ: (16:10-12)വരെയുള്ള വാക്യങ്ങളിൽ കാണുന്നു.

ആറാമതായി നല്ല വേലക്കാരന് ആശയ വിനിമയത്തിനുള്ള കഴിവ് (communication skill)ഉണ്ടായിരിക്കേണം. കൂടാതെ തന്റെ കൂടെയുള്ളവരെ ഏകോപിപ്പിച്ച് കൊണ്ടു പോകുവാനും, സമയത്തിന്റെ വില മനസ്സിലാക്കി പ്രവർത്തിപ്പാനും കഴിവുണ്ടാകണം. സ്നേഹവും, സഹായവും , പ്രോത്സാഹനവും നൽകുക ആവശ്യമാണ്.

ഇപ്രകാരം കർത്താവിന്റെ നല്ല ഗൃഹവിചാരകൻമാരായിരിപ്പാൻ ഈ ആറു ഗുണങ്ങൾ ജീവിതത്തിൽ ആർജ്ജിപ്പാൻ തയ്യാറാകുക. അതിനായി നമുക്ക് ഒരുങ്ങാം.


Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind